**പോലീസ്** **വകുപ്പ്**

**കേരളം**

**No. G2-67045/2021/E**

ജില്ലാ പോലീസ് ഓഫീസ്,
എറണാകുളം റൂറൽ
spekmrl.pol@kerala.gov.in
04842624455
തീയതി. 11-09-2023

**ലേലപരസ്യം**

01) എറണാകുളം റൂറൽ പോലീസ് ജില്ലയിലെ പുത്തൻകുരിശ് പോലീസ് സബ് ഡിവിഷനിൽ ഉൾപ്പെട്ട കുത്താട്ടുകുളം പോലീസ് സ്റ്റേഷന്റെ നവീകരണവുമായി ബന്ധപ്പെട്ട് പൊളിച്ചു നീക്കിയ പഴയ മേച്ചിൽ ഓടുകൾ 2447എണ്ണം, കമിഴ്ത്ത് ഓടുകൾ 45 എണ്ണം, പട്ടിക, കഴുക്കോൽ, സീലിംഗ് പലകകൾ എന്നിവ വിൽക്കുന്നതിന് വേണ്ടിയുള്ള പൊതു ലേലം 23.08.2023 തീയതി കുത്താട്ടുകുളം പോലീസ് സ്റ്റേഷൻ പരിസരത്ത് വച്ച് നിശ്ചയിച്ചിരുന്നെങ്കിലും പ്രസ്തുത ലേലത്തിൽ ആരും പങ്കെടുത്തിരുന്നില്ല. ആയതിനാൽ പ്രസ്തുത വകകൾ വിൽക്കുന്നതിന് വേണ്ടിയുള്ള പുനർ ലേലം 20.09.2023 തീയതി കാലത്ത് 11.30 മണിക്ക് കുത്താട്ടുകുളം പോലീസ് സ്റ്റേഷൻ പരിസരത്ത് വച്ച് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

02) ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് അര മണിക്കൂർ മുൻപ് 1500/- രൂപ (ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) നിരതദ്രവ്യം കുത്താട്ടുകുളം പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ മുൻപാകെ ഒടുക്കി രസീത് വാങ്ങേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ അവരുടെ തിരിച്ചറിയൽ രേഖകളും, മേൽ വിലാസം തെളിയിക്കുന്നതിനുള്ള രേഖകളും ലേലം നടത്തുന്ന ഉദ്യോഗസ്ഥരെ കാണിച്ചു ബോധ്യപ്പെടുത്തേണ്ടതാണ്. കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻകൂട്ടി സീൽ ചെയ്ത കവറുകളിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ കുത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ സ്വീകരിക്കുന്നതാണ്. ഇത്തരത്തിൽ ദർഘാസുകൾ അയക്കുന്ന/നേരിട്ട് നൽകുന്ന കവറിൻറെ പുറത്ത് "കുത്താട്ടുകുളം പോലീസ് സ്റ്റേഷനിലെ പഴയ ഓടുകൾ/പലകകൾ ലേലത്തിലൂടെ വാങ്ങുന്നതിന് വേണ്ടിയുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ദർഘാസിനോടൊപ്പം ഏതെങ്കിലുമൊരു ദേശസാൽകൃത ബാങ്കിൽ നിന്നും എറണാകുളം റൂറൽ ജില്ല പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ നിരതദ്രവ്യമായ 1500/- രൂപ (ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) തുകയ്ക്കുള്ള ഡിമാൻറ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതുമാണ്. ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും, ലേലത്തിൻറെയോ ദർഘാസ്സിൻറെയോ തുകയിൽ ഏതാണോ കൂടുതൽ ആയതിന് ലേലം ഉറപ്പിക്കുന്നതുമാണ്. ലേലമെടുത്തയാൾ ഉടൻ തന്നെ ലേലം കൊണ്ട തുകയുടെ പകുതി സംഖ്യ (18 % ചരക്ക് സേവന നികുതി ഉൾപ്പെടെയുള്ള തുക) നിരതദ്രവ്യവും കഴിച്ച് ലേല സ്ഥലത്ത് വച്ച് തന്നെ അടച്ച് രസീത് വാങ്ങേണ്ടതുമാണ്.

03) ലേലം/ദർഘാസ്സ് സ്ഥിരപ്പെടുത്തി എറണാകുളം റൂറൽ ജില്ലാ പോലീസ് ഓഫീസിൽ നിന്നും ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ബാക്കി ലേല തുക മുഴുവൻ അടച്ച് (18 % ചരക്ക് സേവന നികുതി ഉൾപ്പെടെ) സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും പ്രസ്തുത വകകൾ നീക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ നിരതദ്രവ്യവും ലേലം അവസാനിച്ച് കഴിഞ്ഞാൽ ഉടൻ തന്നെ തിരികെ നൽകുന്നതാണ്.

04) ലേലം കൊണ്ട വ്യക്തി, മേൽ പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിക്കുകയാണെങ്കിൽ കെട്ടി വച്ച നിരതദ്രവ്യം സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും പ്രസ്തുത വകകൾ വിൽക്കുന്നതിന് വേണ്ടി പുന:ലേലം നടത്തുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുന്ന പക്ഷം പ്രസ്തുത നഷ്ടം മുൻ ലേലക്കരനിൽ നിന്നും ഈടാക്കുന്നതായിരിക്കും. എന്നാൽ പുനർ ലേലത്തിൽ അധിക തുക ലഭിക്കുന്ന പക്ഷം ആയതിനു മുൻ ലേലക്കാരന് അവകാശമുണ്ടായിരിക്കുന്നതല്ല.

05) മേൽ സൂചിപ്പിച്ചിട്ടുള്ള ലേല വസ്തുക്കൾ ലേലത്തിന് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് കുത്താട്ടുകുളം പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ മുൻകൂർ അനുവാദത്തോട് കൂടി പരിശോധിക്കാവുന്നതാണ്.

06) യാതൊരു കാരണവും സൂചിപ്പിക്കാതെ ഈ ലേലം മാറ്റി വയ്ക്കുന്നതിനുള്ള/അസ്ഥിരപ്പെടുത്തുന്നതിനുള്ള പൂർണ്ണ അധികാരം എറണാകുളം ജില്ല പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ചുള്ള എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനു ബാധകമാണ്.

വിവേക് കുമാർ ഐപിഎസ്
ജില്ലാ പോലീസ് മേധാവി

| | | |
|---|---|---|
| സ്വീകർത്താവ് | : | ലേലം നടത്തുന്നതിനു രൂപീകൃതമായ ബോർഡ് അംഗങ്ങൾക്ക് അറിവിലേക്കും അനന്തര നടപടികൾക്കുമായി. |
| പകർപ്പ് | : | 1. സംസ്ഥാന പോലീസ് മേധാവി, പോലീസ് ഇൻസ്പെക്ടർ ജനറൽ ദക്ഷിണ മേഖല, ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ എറണാകുളം രേഞ്ച് - ഉപരി പത്രം സഹിതം. 2. ജില്ല പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എറണാകുളം - മാധ്യമങ്ങളിൽ പ്രസദ്ധീകരിക്കുന്നതിനായി. 3. എല്ലാ ജില്ല പോലീസ് മേധാവികൾക്കും ബറ്റാലിയൻ കമാൻഡന്റുമാർക്കും അറിവിലേക്കും വ്യാപകമായ പരസ്യത്തിനുമായി. 4. എറണാകുളം റൂറൽ ജില്ലയിലെ മുഴുവൻ ഓഫീസർമാർക്കും അറിവിലേക്കും വ്യാപകമായ പ്രചാരണത്തിനുമായി. 5. ഡിസ്ട്രിക്റ്റ് മോണിട്ടറിംഗ് സെല്ലിന് വെബ് സൈറ്റിൽ പ്രസദ്ധീകരിക്കുന്നതിനായി |